നം.കെ.എസ്.എ.പി.റ്റി.എ.പി.5/45/17 തീയ്യതി: 8.2.2017

## പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)**

പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.07.2016 മുതൽ 31.12.2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.01.2017, 06.01.2017 മുതൽ 16.01.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ. എൻ. പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീമതി വീണ. സി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. അരുൺകുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി.ആർ. കുട്ടപ്പൻ നായർ | 01.04.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണസമിതി | 01.11.2015 മുതൽ 18.11.2015 വരെ |

| | | |
|---|---|---|
| | ശ്രീമതി ഗീതാ വിജയൻ | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. സി.കെ.രാധാകൃഷ്ണൻ (സെക്രട്ടറി ഇൻ ചാർജ്) | 01.04.2015 മുതൽ 27.04.2015 വരെ |
| | ശ്രീ. പി.വിജയകുമാരൻ | 28.04.2015 മുതൽ 21.07.2015 വരെ |
| | ശ്രീ. സി.കെ.രാധാകൃഷ്ണൻ (സെക്രട്ടറി ഇൻ ചാർജ്) | 22.07.2015 മുതൽ 25.08.2015 വരെ |
| | ശ്രീ. രാരാരാജ് | 26.08.2015 മുതൽ 31.03.2016 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം:

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2015-16
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2015-16
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2015-16

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില- സുരക്ഷിതമല്ല | 2-1 |
| 2 | തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല | 2-2 |
| 3 | വസ്തുനികുതി പരിഷ്കരണം- ഡിജിറ്റലൈസേഷൻ പുരോഗതി | 2-3 |
| 4 | മൊബൈൽ ടവറുകളുടെ വസ്തുനികുതി - വർഷങ്ങളായി കുടിശിക | 2-4 |
| 5 | സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരം പുതിയ ഇനങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല- വരുമാനനഷ്ടം ഉണ്ടാകുന്നു | 2-5 |
| 6 | വിമുക്ത ഭടൻമാർക്കും ആശ്രിതർക്കും താമസിക്കുന്ന വീടിന്റെ നികുതി ഇളവ് -സർക്കാർ ഉത്തരവിന് | 2-6 |

| | | |
|---|---|---|
| | വിരുദ്ധമായി അനർഹർക്കും ആനുകൂല്യം നൽകി | |
| 7 | സേവന ഉപനികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പ്രയോജപ്പെടുത്തുന്നില്ല | 2-7 |
| 8 | തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു | 2-8 |
| 9 | ഡി ആന്റ് ഓ ലൈസൻസ്- നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു | 2-9 |
| 10 | ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക- വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല | 2-10 |
| 11 | പരസ്യ നികുതി- ഈടാക്കുന്നതിൽ വീഴ്ച | 2-11 |

ഭാഗം-III

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | റെക്കോഡ് റൂം സജ്ജീകരിക്കൽ - എസ്റ്റിമേറ്റ് പോലുമില്ലാതെ പ്രവൃത്തിക്ക് പ്രതിഫലത്തുക നിശ്ചയിച്ചു - ലക്ഷങ്ങളുടെ ദുർവ്യയം | 3-1 |
| 2 | സമ്പൂർണ്ണ ഇ-സാക്ഷരത യജ്ഞം- ആസൂത്രണത്തിലെ പിഴവുമൂലം 160000 രൂപയുടെ ചെലവ് നിഷ്ഫലമായി | 3-2 |
| 3 | 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി - ചെലവ് നഷ്ടം | 3-3 |
| 4 | ഗുണഭോക്തൃസമിതികൾ - പ്രവൃത്തി നിർവ്വഹണം സുതാര്യമല്ല – ടെണ്ടർ നടപടി സ്വീകരിക്കുന്നില്ല | 3-4 |

| | | |
|---|---|---|
| | | |
| 5 | ആധുനിക അറവുശാല നിർമ്മാണം പാതിവഴിയിൽ. | 3-5 |
| 6 | നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും കൈപ്പറ്റ് രസീത് ലഭിയ്ക്കുന്നില്ല | 3-6 |
| 7 | എസ്.എസ്.എ. പഞ്ചായത്ത് വിഹിതം- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 3-7 |
| 8 | തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി-തുകയുടെ വിനിയോഗ രേഖകൾ ഇല്ല | 3-8 |
| 9 | സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക ഡി.ഡി. ആയി നൽകുന്നു | 3-9 |
| 10 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കേണ്ടതാണ് | 3-10 |
| 11 | വെള്ളക്കരം അടയ്ക്കൽ | 3-11 |
| 12 | അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്തത് ലേലം ചെയ്യാതെ അവശേഷിക്കുന്നു. | 3-12 |
| 13 | കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല. | 3-13 |
| 14 | ആശ്രയ പദ്ധതി - അവലോകനം | 3-14 |
| | | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16-ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | പുതുക്കിയത് |
|---|---|
| ഭരണസമിതിയുടെ 12-03-2015 ലെ I-ാം നമ്പർ തീരുമാനം | പുതുക്കിയിട്ടില്ല. |

ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം കൂടുതൽ | വ്യത്യാസം കുറവ് | ശതമാനം (+) / (-) |
|---|---|---|---|---|---|
| മുന്നിരിപ്പ് | 5822251 | 10294589.54 | 4472338 | | (+)76.81 |
| വരവ് | 60641000 | 25600905 | | 35040095 | (-)57.78 |
| ആകെ | 66463251 | 35895494.54 | | 30567756.46 | (-)46 |
| ചെലവ് | 61408251 | 30717158 | | 30691093 | (-)50 |
| നീക്കിയിരിപ്പ് | 5055000 | 5178336.54 | 123336.54 | | (+)2.38 |

അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കേണ്ടത്. എന്നാൽ അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (-/+) |
|---|---|---|---|
| കെട്ടിട നികുതി | 5000000 | 3001420 | -1998580 |
| തൊഴിൽ നികുതി | 1300000 | 1029230 | -270770 |
| വാടക | 1525000 | 735030 | -789970 |

| | | | |
|---|---|---|---|
| പരസ്യം | 50000 | 2055 | -47945 |
| ഡി&ഒ ലൈസൻസ് | 200000 | 59055 | -140945 |
| പെർമിറ്റ് ഫീസ് | 300000 | 119133 | -180867 |

സർക്കാർ പിരിച്ചെടുക്കുവാൻ അനുമതി നൽകിയിട്ടുള്ള പരസ്യ നികുതി ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ആയത് പിരിച്ചെടുത്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 30-06-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

)15-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1) നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള നിർവ്വഹണ പ്രോജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്/ആദായ നികുതി/നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിലുൾപ്പെടുത്തിയിട്ടില്ല.

2) മുൻവർഷങ്ങളിലെ അധിക ഡിമാന്റിലൂടെ പിരിച്ചെടുത്ത വസ്തുനികുതി തുകകൾ ക്രമീകരിക്കുന്നതിനും വസ്തുനികുതി കുടിശ്ശിക ഇതനുസരിച്ച് ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല

3) ധന കാര്യ വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

4) സാമ്പത്തിക പത്രികകളിൽ മുൻ വർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 10294589.54 |
| വരവ് | 25600905 |
| ആകെ | 35895494.54 |
| ചെലവ് | 30717158 |
| നീക്കിബാക്കി | 5178336.54 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ട്രാൻസ്ഫർ | ആകെ | ചെലവ് | ട്രാൻസ്ഫർ | നീക്കി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | തുക | ക്രഡിറ്റ് | തുക | തുക | ക്രഡിറ്റ് | ബാക്കി (RP 40 b പ്രകാരം) |
| വികസന ഫണ്ട് (ജനറൽ) | 602564 | 9544956 | 1582578 | 10147520 | 5540555 | 4606965 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 619572 | 4518022 | | 5137594 | 3624238 | 1513356 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 14303 | 55000 | | 69303 | 22302 | 47001 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 227496 | 4706000 | | 4933496 | 3610010 | 1323486 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 150637 | 2320000 | | 2470637 | 509895 | 1960742 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 816682 | 3984160 | | 4800842 | 4778621 | 22221 | 0 |
| ലോക ബാങ്ക് സഹായം | 2085000 | 1197135 | | 3282135 | 3272338 | 9797 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 146 | 88 | 16 | 42 | 60 |

മേഖല തിരിച്ചുള്ള പദ്ധതി നിർവ്വഹണ വിവരം ചുവടെ ചേർക്കുന്നു

| മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവ് ശതമാനം |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ആകെ തുക | |
| വികസനം | 13 | 4131700 | 10 | 1417191 | 34.3 |
| ഉൽപാദനം | 68 | 22377720 | 45 | 9269009 | 41.4 |
| പശ്ചാത്തലം | 65 | 12082435 | 33 | 9450773 | 78.2 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 29 | 20 | 5122203 | 3234037 | 63.14 |
| കൃഷി ഓഫീസർ | 5 | 5 | 1241700 | 872191 | 70.24 |

| | | | | | |
|---|---|---|---|---|---|
| വെറ്റിനറി സർജൻ | 4 | 3 | 615000 | 345000 | 56.1 |
| വി.ഇ.ഒ | 7 | 6 | 4264000 | 2554000 | 59.9 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 69 | 48 | 19913942 | 8589653 | 43.13 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 6 | 1644600 | 1488771 | 90.52 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 4 | 732410 | 622922 | 85.05 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 4 | 3 | 815000 | 615000 | 75.46 |
| ഹെഡ് മാസ്റ്റർ | 4 | 2 | 1130000 | 460000 | 40.71 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 13 | 7 | 3113000 | 1355399 | 43.54 |

## 1-7 തനത് വരുമാനം

സ്ഥാപനത്തിന്റെ തനത് വരുമാനത്തിൽ മുൻവർഷത്തേക്കാൾ ഉണ്ടായിട്ടുള്ള കുറവ്/വർദ്ധനവ് ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4432186 | 2360703 | 2071483 | (-)46.73 |
| നികുതിയേതര വരവുകൾ | 1314342 | 957575 | 356767 | (-)27.14 |
| മറ്റ് വരവുകൾ | 258756 | 323433 | 64677 | (+)19.99 |

നികുതി, നികുതിയേതര വരുമാനത്തിൽ ഉണ്ടായ വലിയ കുറവ് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2015-16-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 8 | 8 | - |
| 2 | തൊഴിൽ രഹിത വേതനം | 3 | - | 3 |
| 3 | വിധവാ പെൻഷൻ | 27 | 27 | - |
| 4 | വികലാംഗ പെൻഷൻ | 6 | 6 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 4 | - |

| | | | | |
|---|---|---|---|---|
| 6 | വാർദ്ധക്യകാല പെൻഷൻ | 127 | 125 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-01-2017 ന് 10.30 എ.എം.ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 3170രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | ഡിസംബർ 2016 | നവംബർ 2016 | ലഭിച്ചിട്ടില്ല | -- |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ആഗസ്റ്റ് 2013 | 2012-13 | 01.10.2013 | ഇല്ല |

## 3-14 ആശ്രയ പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ. പദ്ധതിയുടെ 2015-16-ലെ വരവ് ചെലവ് കണക്കുകൾ താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 470600 |
| വരവ് | 172745(പദ്ധതി വിഹിതം)<br>388040(ചലഞ്ച് ഫണ്ട്) |
| പലിശ | 21982 |
| ആകെ | 1053367 |
| ചെലവ് | 550204 |
| നീക്കിയിരിപ്പ് | 503163 |

31.03.16-ൽ ആശ്രയ ബാങ്ക് അക്കൗണ്ടിൽ 503163രൂപ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. 2015-16 വർഷത്തെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ചെലവ് തുക |
|---|---|---|
| 2 | ഭക്ഷണ കിറ്റ് വിതരണം | 451100 |
| 3 | ഭവന പുനരുദ്ധാരണം | 30000 |
| 4 | വിദ്യാഭ്യാസം | 32257 |
| 5 | കക്കൂസ് നിർമ്മാണം | 25000 |
| 6 | ചികിത്സാ സഹായം | 11847 |
| | ആകെ | 550204 |

അഗതികൾക്ക് ഭൂമി വാങ്ങൽ നടപ്പാക്കിയിട്ടില്ല.പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആശ്രയ ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്ക് മുൻഗണന നൽകുന്നില്ല. അഗതികൾക്കായി മെഡിക്കൽ ക്യാമ്പ് നടത്താറില്ല. ആശ്രയ രോഗികൾക്ക് ഹെൽത്ത് കാർഡ്

നൽകിയിട്ടില്ല. അഗതി കുടുംബങ്ങളെ സ്വയം പര്യാപ്തതയിലേക്ക നയിക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം നൽകുന്നതിന് സഹായകമായ പ്രത്യേക പദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്.

ആശ്രയ പദ്ധതിക്കായി പഞ്ചായത്ത് നൽകുന്ന വിഹിതം പര്യാപ്തമല്ല. ആശ്രയ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൽ പഞ്ചായത്ത് ഭരണസമിതി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില- സുരക്ഷിതമല്ല

2015-16 ലെ വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ ബി-17 പ്രകാരം 31-03-16 ൽ എല്ലായിനം ഫണ്ടുകളും ചേർന്നുള്ള നീക്കി ബാക്കി 51,78,336.54 രൂപയാണ്. ഇതിൽ തന്നെ തനത് ഫണ്ട് നിക്ഷേപിച്ചിട്ടുള്ള രണ്ട് ബാങ്ക് അക്കൗണ്ടുകളിലെ നീക്കിബാക്കി 13,43,608.54 രൂപ മാത്രമാണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം 31-03-16 ലെ ബാധ്യതയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രത്യേക ആവശ്യങ്ങൾക്കായി സംസ്ഥാനസർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച തുകകളുടെ ബാക്കി (ഷെഡ്യൂൾ ബി-4) | 49,06,805 |
| വിവിധ ഇനങ്ങളിൽ ലഭിച്ച ഡിപ്പോസിറ്റുകൾ തിരികെ കൊടുക്കാൻ അവശേഷിക്കുന്നത് (ഷെഡ്യൂൾ ബി-7) | 5,22,878 |
| ജീവനക്കാരുടെ ശമ്പളം, പെൻഷൻ കോൺട്രിബ്യൂഷൻ, ലൈബ്രറിസെസ്സ് മുതലായ മറ്റ് ബാധ്യതകൾ | 9,47,065.30 |
| ആകെ ബാധ്യതകൾ | 63,76,748.30 |

മറ്റാവശ്യങ്ങൾക്ക് ലഭിച്ച ഫണ്ടുകൾ തനത് ചെലവുകൾ നിറവേറ്റുന്നതിനായി വകമാറ്റി ചെലവഴിച്ചു വരികയാണ്. ഈ സാഹചര്യത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ധനകാര്യ സ്ഥിതിയെപ്പറ്റി വിശദമായ വിലയിരുത്തൽ ഭരണസമിതിയുടെ പ്രത്യകിച്ച് ധനകാര്യ സ്ഥിരം സമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല.

## 2-2 തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല.

2.

മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് തനത് വരുമാനം വളരെ കുറവുള്ള ഗ്രാമപഞ്ചായത്ത് ആയത് വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ല. നിലവിലുള്ള നികുതികളും ഫീസുകളും പൂർണ്ണമായി ഈടാക്കുന്നതിനും സർക്കാർ പിരിച്ചെടുക്കാൻ അനുമതി നൽകിയിട്ടുള്ള നികുതികളും ഫീസുകളും പിരിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള പ്രധാനപ്പെട്ട തനത് വരുമാന ഇനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തൻവർഷം ഡിമാന്റ് | കളക്ഷൻ |
|---|---|---|
| കെട്ടിട നികുതി | 3001420 | 2148051 |
| തൊഴിൽ നികുതി | 1029230 | 1029230 |
| വാടക | 735030 | 735030 |
| പരസ്യം | 2055 | 2055 |
| ഡി&ഒ ലൈസൻസ് | 59055 | 59055 |
| പെർമിറ്റ് ഫീസ് | 119133 | 119113 |

തനത് വരുമാനം സംബന്ധിച്ച പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

- ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾക്ക് സർക്കാർ നിർദ്ദേശിച്ച നിരക്കിൽ നികുതി നിശ്ചയിച്ച് ഈടാക്കിയിട്ടില്ല.
- തറവിസ്തീർണ്ണം സംബന്ധിച്ച് കൃത്യമായ പരിശോധന നടത്താതെയാണ് മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടുള്ളത്. കൂടാതെ എല്ലാ ടവറുകളുടെയും നികുതി വർഷങ്ങളായി ലഭിക്കുന്നില്ല.
- ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ, ഡ്രയിനേജ് എന്നീ സേവനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ കുറയാതെ വസ്തു നികുതിയിൻമേൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ഈ സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.
- സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ കുറവുണ്ടായിട്ടുണ്ട്.
- സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് യഥാസമയം എടുക്കുന്നില്ല. പ്രതിദിന വരുമാനത്തിന്റെ കൃത്യത ഉറപ്പുവരുത്താത്തതിനാലും സ്ഥാപനങ്ങൾ രേഖപ്പെടുത്തിയ പ്രതിദിന വരുമാനത്തിന് ആനുപാതികമായ നിരക്കിലും കുറവായി ഫീസ് ഈടാക്കിയതിനാലും വരുമാന ചോർച്ച ഉണ്ടായിട്ടുണ്ട്.
- ലൈസൻസ് എടുക്കാതിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ലഭിച്ചിട്ടില്ല.
- വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
- ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യ ബോർഡുകളിൽ നിന്നും പരസ്യനികുതി ബൈലോ പ്രകാരമുള്ള നിരക്കിൽ നികുതി ഈടാക്കുന്നില്ല.
- മുറിവാടകയ്ക്ക് പകരം ഡെപ്പോസിറ്റ് തുക ലേലം ചെയ്ത് ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും വരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല.
- ഷോപ്പിംഗ് കൊംപ്ലക്സിലെ മുറികൾ, കമ്മ്യൂണിറ്റി ഹാൾ, പഞ്ചായത്ത് ഹാൾ എന്നിവ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല.
    - മുറികളുടെ വാടക കൃത്യമായി ഈടാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നില്ല.അപാകതകൾ സംബന്ധിച്ച് വിശദമായ വിവരങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്. തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഭരണ സമിതിയുടെ പ്രത്യകിച്ച് ധനകാര്യ സ്ഥിരം സമിതിയുടെ ഭാഗത്തു നിന്നും ഫലപ്രഥമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

## 2-3 വസ്തുനികുതി പരിഷ്കരണം- ഡിജിറ്റലൈസേഷൻ പുരോഗതി

ഗ്രാമ പഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ നിലവിലുണ്ടായിരുന്ന 6793 കെട്ടിടങ്ങളിൽ 6785 കെട്ടിടങ്ങളുടെ ഫോം 6ഡേറ്റാ എൻട്രി പൂർത്തിയായി. ഇതിൽ 6779 എണ്ണം സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ ഇട്ട് ഡിമാൻഡ് ജനറേറ്റ് ചെയ്ത് വസ്തുനികുതി നിർണ്ണയം ആധികാരികമാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ എല്ലാ കെട്ടിടങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഉദാഹരണത്തിന് 6 മൊബൈൽ ടവറുകളിൽ 2 എണ്ണത്തിന്റെ വിവരം മാത്രമാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എല്ലാ കെട്ടിടങ്ങളുടെയും വിവരം സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി - വർഷങ്ങളായി കുടിശിക

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി വർഷങ്ങളായി കുടിശികയാണ്. ഏത് വർഷം മുതലാണ് കുടിശികയുള്ളത് എന്നതിന്റെ കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ടവറിന്റെ/കെട്ടിട ഉടമയുടെ വിവരം | തറവിസ്തീർണ്ണം (ച.മീ.) | പുതുക്കിയ നികുതി |
|---|---|---|---|---|
| 1 | 7/86C | വയർലെസ് റ്റി.റ്റി. ഇൻഫോസ് സർവ്വീസ്, എസ് എൽ പ്ലാസാ, കൊച്ചി | 14 | 6300 |
| 2 | 7/350 A | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, എസ്.എൽ. അവന്യൂ, മരട് പി.ഒ. | 15 | 7500 |
| 3 | 1/365 A | ആശാലതാ, ആശാസദനം, മഞ്ഞനികര | 14 | 6300 |
| 4 | 5/390 A | ഭാരതി ടെലിവെഞ്ചേഴ്സ് ലിമിറ്റഡ്, എൻ.എച്ച്.ബൈപ്പാസ്, മരട്.പി.ഒ. | 18 | 10800 |

| | | | | |
|---|---|---|---|---|
| 5 | 9/27 A | ടവർ വിഷൻ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, അറക്കൽ അർക്കേഡ് | 16 | 8000 |
| 6 | 5/444 | റിലയൻസ് ഇൻഫോടെക് ലിമിറ്റഡ്, എ.പി.ആർക്കേഡ്, എസ്.എ.റോഡ്, കൊച്ചി | 12 | 6000 |

ഇവരിൽ നിന്നും വസ്തുനികുതി കുടിശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ ക്രമ നം 3, 9 എന്നിവയുടെ വിവരം മാത്രമേ സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളു. ബാക്കി ടവറുകളുടെ വിവരം കൂടി രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ കൃത്യമായ പരിശോധനയുടെ അടിസ്ഥാനത്തിലല്ല ഇവയുടെ തറ വിസ്തീർണ്ണം കണക്കാക്കിയിട്ടുള്ളത്. ടവർ സ്ട്രക്ച്ചറിനോടൊപ്പം ഡീസൽ ജനറേറ്റർ റൂം, സെക്യൂരിറ്റി ക്യാബിൻ തുടങ്ങിയ എല്ലാത്തരം നിർമ്മിതികളുടെയും തറവിസ്തീർണ്ണം നികുതി നിർണ്ണയത്തിനായി കണക്കാക്കേണ്ടതുണ്ട്. കൃത്യമായ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ 2013-14 മുതൽ പുതുക്കിയ നിരക്കിൽ നികുതി നിശ്ചയിച്ചീടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 സർക്കാർ വിജ്ഞാപനം ചെയ്ത പ്രകാരം പുതിയ ഇനങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല- വരുമാനനഷ്ടം ഉണ്ടാകുന്നു

ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ളവയ്ക്ക് വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനായി നികുതിനിരക്ക് തീരുമാനിക്കാത്തതിനാൽ വസ്തുനികുതിയിൽ പ്രതിവർഷം ലക്ഷക്കണക്കിന് രൂപയുടെ വരുമാനനഷ്ടം ഉണ്ടാകുന്നു.

സ.ഉ.(അ)36/2015ത.സ്വ.ഭ.വ. തീയതി 24.02.15 പ്രകാരം 14.01.2011ലെ സ.ഉ.(അ)19/2011ത.സ്വ.ഭ.വ. ഉത്തരവ് ഭേദഗതി ചെയ്തു കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം ചുവടെ ചേർക്കുന്ന ഇനങ്ങൾക്ക് കുറഞ്ഞതും കൂടിയതുമായ നികുതി നിരക്കുകൾ (ഒരു ചതുരശ്രമീറ്ററിന്) നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

| ക്രമ നം. | പട്ടികയിലെ ക്രമ നം. | കെട്ടിടത്തിന്റെ ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|---|
| 1 | 1എ | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | 4എ | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് എന്നിവ അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ | 3 | 8 |
| 3 | 7 (iii) | മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | 11 | ആയുർവ്വേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |

എന്നാൽ നാളിതുവരെ പഞ്ചായത്ത് ഈ ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് ചുമത്താവുന്ന നികുതിനിരക്ക് നിശ്ചയിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന വേദാഗ്രാം ആയുർവ്വേദ സുഖചികിത്സാകേന്ദ്രത്തിന്റെ വസ്തു നികുതി ആശുപത്രികൾക്ക് നിശ്ചയിച്ച 7 രൂപ നിരക്കിലാണ് ഈടാക്കിവരുന്നത്. ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾക്ക് നിശ്ചയിക്കാവുന്ന കുറഞ്ഞ നികുതിനിരക്കായ 150 രൂപ നിശ്ചയിച്ചാൽ തന്നെ ഒരു ലക്ഷത്തിലധികം രൂപ ലഭിക്കുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനം / ഉടമ | തറ വിസ്തീർണ്ണം (ചതുരശ്രമീറ്ററിൽ) | 7 രൂപ നിരക്കിൽ | വർദ്ധനവ്/ഇളവ് ഇവയ്ക്ക് ശേഷം | 150 രൂപ നിശ്ചയിച്ചാൽ |
|---|---|---|---|---|---|---|

| | | | | നിലവിലുള്ള അടിസ്ഥാന വസ്തു നികുതി | നിശ്ചയിച്ച നികുതി | തന്നെ ലഭിക്കുന്ന അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|---|---|
| 1 | 12/412 | ഡോ. റാം മോഹൻ, ജയറാം ഭവൻ, ആറ്ററികം, ഓമല്ലൂർ | 326.73 | 2287.11 | 2631 | 49010 |
| 2 | 12/414 | ഡോ. റാം മോഹൻ, ജയറാം ഭവൻ, ആറ്ററികം, ഓമല്ലൂർ | 348.72 | 2441.04 | 2197 | 52308 |
| 3 | 12/415 | ഡോ. റാം മോഹൻ, ജയറാം ഭവൻ, ആറ്ററികം, ഓമല്ലൂർ | 230 | 1610 | 1449 | 34500 |

അടിസ്ഥാനനികുതിയിൽ വരുത്തുന്ന വർദ്ധനവ്/ഇളവുകൾ എന്നിവയ്ക്ക് ശേഷം നിർണ്ണയിക്കുന്ന നികുതിയുടെ 5% ലൈബ്രറിസെസ്സ് ഈടാക്കേണ്ടതുണ്ട്. ആയതിനാൽ ഈയിനത്തിലും ലഭിക്കേണ്ട വരുമാനം കുറയുന്നു.

ഇതേ സ്ഥാപനത്തിന്റെ കോമ്പൗണ്ടിലുള്ള 22 ച.മീ. ഉള്ള 12/413 നം കെട്ടിടത്തിന് റിസോർട്ടായി കണക്കാക്കി 80 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. കൂടാതെ പ്രസ്തുത സുഖചികിത്സാ കേന്ദ്രത്തിന്റെ അധീനതയിൽ ഉള്ളതും നിലവിൽ 410.05 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണം ഉള്ളതുമായ ഒരു മൂന്ന നില കെട്ടിടത്തിന്റെ രേഖകൾ നികുതി നിർണ്ണയത്തിനായി പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. കുടാതെ മൈക്രോ സ്മോൾ & മീഡിയം എന്റർപ്രൈസസ് ഡവലപ്മെന്റ് ആക്ട് 2006 പ്രകാരം രജിസ്റ്റർ ചെയ്ത 2 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ വളരെ അടിയന്തിരമായി സർക്കാർ വിജ്ഞാപനം പ്രകാരം ഉള്ള നികുതി നിരക്ക് നിശ്ചയിച്ച് നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഭരണ സമിതി സ്വീകരിക്കേണ്ടതാണ്.

## 2-6 വിമുക്ത ഭടൻമാർക്കും ആശ്രിതർക്കും താമസിക്കുന്ന വീടിന്റെ നികുതി ഇളവ് - സർക്കാർ ഉത്തരവിന് വിരുദ്ധമായി അനർഹർക്കും ആനുകൂല്യം നൽകി

സർക്കാർ ഉത്തരവിന് വിരുദ്ധമായി അർഹതയില്ലാത്തവർക്ക് നികുതി ഇളവ് അനുവദിച്ചത് മൂലം ആകെ 16459 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്

വിമുക്ത ഭടൻമാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാൻമാർ/ ജവാൻമാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ ആയ ഭവനത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച 02/07/2013 ലെ ജി.ഒ.(എം.എസ്) 242/2013 /ത.സ്വ.ഭ.വ ഉത്തരവിൽ, തറവിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ (185.80 ചതുരശ്ര മീറ്റർ) കവിയാത്ത ഒരു വീടിന് മാത്രമേ വസ്തു നികുതി ഇളവിന് അർഹതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി താഴെ പറയുന്ന കെട്ടിടങ്ങൾക്ക് 2015-16 ൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേരും വിലാസവും | ആകെ തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | വർദ്ധനവ്/ഇളവ് എന്നിവയ്ക്ക് ശേഷം നിർണ്ണയിച്ചിട്ടുള്ള നികുതി (സഞ്ചയ ആപ്ലിക്കേഷൻ പ്രകാരം ഉള്ളത്) | |
|---|---|---|---|---|---|
| 1 | 10/71 | ശ്രീ. റ്റി.ജി.തോമസ്, തെക്കിനേത്ത് | 279 | വസ്തു നികുതി | 2149 |
| | | | | ഗ്രന്ഥശാല വരി | 108 |
| | | | | ആകെ | 2257 |
| 2 | 10/88 | കെ.എസ്.ജോഷ്വാ, കല്ലുപുരയിൽ | 254 | വസ്തു നികുതി | 1890 |
| | | | | ഗ്രന്ഥശാല വരി | 95 |
| | | | | ആകെ | 1985 |
| 3 | 10/90 | കെ.എസ്.വർഗീസ്, കല്ലുപുരയിൽ | 190 | വസ്തു നികുതി | 1463 |
| | | | | ഗ്രന്ഥശാല വരി | 74 |
| | | | | ആകെ | 1537 |
| 4 | 10/241 | കോശി ശാമുവേൽ, വെള്ളാരംകുന്നിൽ | 195 | വസ്തു നികുതി | 1350 |

| | | | | | |
|---|---|---|---|---|---|
| | | | | ഗ്രന്ഥശാല വരി | 68 |
| | | | | ആകെ | 1418 |
| 5 | 10/387 | റ്റി.സി.ഏബ്രഹാം, താണ്ടശ്ശേരിൽ പുത്തൻവീട് | 221 | വസ്തു നികുതി | 945 |
| | | | | ഗ്രന്ഥശാല വരി | 48 |
| | | | | ആകെ | 993 |
| 6 | 12/21 | ലില്ലിക്കുട്ടി പാപ്പൻ, ചേമ്പിലത്ത് വികാസ് | 373.45 | വസ്തു നികുതി | 1620 |
| | | | | ഗ്രന്ഥശാല വരി | 81 |
| | | | | ആകെ | 1701 |
| 7 | 12/229 | എം.എം.ഗീത, മനമന്ദിരം | 186 | വസ്തു നികുതി | 810 |
| | | | | ഗ്രന്ഥശാല വരി | 41 |
| | | | | ആകെ | 851 |
| 8 | 13/154 | കെ.വി.അലക്സാണ്ടർ, കോട്ടൂരേത്ത് തുണ്ടിൽ | 202.29 | വസ്തു നികുതി | 2160 |
| | | | | ഗ്രന്ഥശാല വരി | 108 |
| | | | | ആകെ | 2268 |
| 9 | 13/223 | രാജൻ ഏബ്രഹാം, പാറക്കാട്ട് പുത്തൻവീട് | 187.75 | വസ്തു നികുതി | 1445 |

| | | | | | |
|---|---|---|---|---|---|
| | | | | ഗ്രന്ഥശാല വരി | 73 |
| | | | | ആകെ | 1518 |
| 10 | 14/62B | രാജമ്മ, ചെറിയപാരപ്പള്ളിൽ വടക്കേമുറിയിൽ | 219 | വസ്തു നികുതി | 1379 |
| | | | | ഗ്രന്ഥശാല വരി | 69 |
| | | | | ആകെ | 1448 |
| 11 | 11/34 | കുട്ടിയമ്മ, നിരവത്ത് | 196 | വസ്തു നികുതി | 460 |
| | | | | ഗ്രന്ഥശാല വരി | 23 |
| | | | | ആകെ | 483 |

അർഹതയില്ലാത്തവർക്ക് ഇളവ് അനുവദിച്ചത് മൂലം ആകെ 16459 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് ( വസ്തു നികുതി -15671, ഗ്രന്ഥശാല വരി- 788). ഇളവ് അനുവദിച്ചത് റദ്ദ് ചെയ്ത് ഇവരിൽ നിന്നും കുടിശ്ശിക സഹിതം നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-7 സേവന ഉപനികുതി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല

- 2011 -ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ, ഡ്രയിനേജ് എന്നീ സേവനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. ചട്ടം 27 ൽ സേവന ഉപനികുതി നിരക്കിന്റെ വിവരം പറഞ്ഞിട്ടുണ്ട്. തെരുവു വിളക്ക്, ജലവിതരണം എന്നീ ചെലവുകൾക്കായി ഒരു വർഷം 20 ലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. ജലവിതരണത്തിന് വസ്തുനികുതിയുടെ 3%ൽ കുറയാതെയും തെരുവുവിളക്കുകൾക്ക് വസ്തുനികുതിയുടെ 2% കുറയാതെയും സേവന ഉപനികുതി ചുമത്താവുന്നതാണ്. ഈ സാധ്യത പ്രയോജനപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

## 2-8 തൊഴിൽ നികുതി - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ -വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു

തനത് വരുമാനം താരതമ്യേന വളരെ കുറവുള്ള പഞ്ചായത്തിലെ മുഖ്യ വരുമാനങ്ങളിലൊന്നാണ് തൊഴിൽ നികുതി. ആയത് ഈടാക്കുന്നതിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 205(ബി) മുതൽ 205 (എഫ്) വരെ, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, 13 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ആയതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1). എല്ലാ സ്വകാര്യ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനുള്ള അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. അപേക്ഷകളിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഇവരിൽ തൊഴിൽ നികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കാത്തതിനാൽ തനത് വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ വിവരം | ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 6/327F | എ.ജി.റ്റി. മോട്ടോഴ്സ്- മാരുതി സർവ്വീസ് സ്റ്റേഷൻ | 24 |
| 2 | 7/130C | തറയിൽ ഫ്യൂവൽസ് | 11 |
| 3 | 6/327 B | എ.ജി.റ്റി. ഡ്രൈവിംഗ് സ്കൂൾ | 4 |
| 4 | 7/366F | എ.ജി.റ്റി. ഓൾ കാർ സർവ്വീസ് | 5 |
| 5 | 6/225A,B | എംകേയ് മോട്ടോഴ്സ് ഓട്ടോമൊബൈൽ ഷോറൂം | 5 |
| 6 | 1/572 A | എംകേയ് മോട്ടോഴ്സ് വർക്ക്ഷോപ്പ് | 8 |
| 7 | 6/295F | എംകേയ് മോട്ടോഴ്സ് ഓട്ടോമൊബൈൽ & എൻജിൻ സ്പെയർ പാർട്സ് സെയിൽസ് | 7 |
| 8 | 6/278 | വിഷ്വൽ സോഫ്റ്റ് - പ്രിന്റിംഗ് പ്രസ്സ് | 4 |
| 9 | 7/467 | എം.റ്റി.സി. ഇൻഡസ്ട്രീസ്- ഹോളോബ്രിക്സ് നിർമ്മാണം | 5 |
| 10 | 1/560A,B | ഗുഡ് വിൽ ട്രേഡേഴ്സ് | 3 |
| 11 | 7/93E | ബ്ലൂബെറി ബേക്കേഴ്സ് | 4 |
| 12 | 1/210 | ചീക്കനാൽ ഇൻഡസ്ട്രീസ് & ട്രേഡിംഗ് | 5 |

| | | | |
|---|---|---|---|
| | | കമ്പനി | |
| 13 | 1/211, 212,213 | ജയ് ഹിന്ദ് ടെക്സ്റ്റൈൽസ് | 5 |
| 14 | 13/456, 457 | ഹോട്ടൽ ഗ്രീൻചില്ലീസ് | 6 |
| 15 | 8/449A | സ്റ്റാർ ഹോളോബ്രിക്സ് | 3 |
| 16 | 3/270 | ബെസ്റ്റ് കേറ്ററിംഗ് | 4 |
| 17 | 13/294A | സിനി സോമിൽ | 3 |
| 18 | 7/81, 81A | കെ.എസ്.ഇൻഡസ്ട്രീസ് | 4 |
| 19 | 13/810 | എസ്.ബി.വി.ഏജൻസി | 6 |
| 20 | 9/66 | ആരോൺ ഹോട്ടൽ | 5 |
| 21 | 9/404, 405 | ദീപക് ഇൻഡസ്ട്രീസ് | 5 |
| 22 | 8/422B | മൂഴിക്കൽ ഇൻഡസ്ട്രീസ് | 6 |

കൂടാതെ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ചിരുന്ന എസ്.എസ്.മാർബിൾസ് പോലെ കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെയും ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മഡോണ ഇന്റർനാഷണൽ റസിഡൻഷ്യൽ സ്കൂളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തിലെയും സ്ഥാപനത്തിന്റെ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(2). രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

തൊഴിൽ നികുതി സംബന്ധിച്ച ചട്ടപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 18 അനുസരിച്ചുള്ള ഫോം നം V ലുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിലൂടെ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരും ആയത് ഒടുക്കുന്നുണ്ടെന്നുറപ്പുവരുത്താൻ കഴിയുന്നതാണ്.

തൊഴിൽ നികുതി ഡിമാൻഡ്, അരിയർ ഡിമാൻഡ് രജിസ്റ്ററുകൾ കൃത്യമല്ല. പല സ്ഥാപനങ്ങളുടെയും വിവരം ചേർത്തിട്ടില്ല. ഉദാഹരണത്തിന് മഡോണ ഇന്റർനാഷണൽ റസിഡൻഷ്യൽ സ്കൂളിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം രജിസ്റ്ററിൽ ചേർക്കാതിരുന്നതിനാൽ രണ്ടാം അർദ്ധവർഷത്തെ നികുതി ഡിമാന്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും മേധാവികളോട് ജീവനക്കാരുടെ പേരുവിവരവും വരുമാനവും സംബന്ധിച്ച റിട്ടേണുകൾ ആവശ്യപ്പെടാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കൃത്യമായ നിരക്കിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ

ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയെതുടർന്ന് (ഓഡിറ്റ് എൻക്വയറി നം-14/16 തീയതി 13-01-2017)എസ്.എസ്.മാർബിൾസിന്റെ രണ്ട് കടകളിൽ നിന്നും 2015-16, 2016-17 വർഷങ്ങളിലെ സ്ഥാപനതൊഴിൽ നികുതിയും പിഴപലിശയും ഉൾപ്പെടെ ആകെ 14000 രൂപ 13-01-2017 ൽ ഈടാക്കിയിട്ടുണ്ട്. ബാക്കി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-9 ഡി ആന്റ് ഓ ലൈസൻസ്- നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കാത്തതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടാകുന്നു

2015-16 വർഷം സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിലും ലൈസൻസ് ഫീസ് ഈടാക്കിയതിലും നിയമവും ചട്ടങ്ങളും പാലിക്കുന്നതിൽ വീഴ്ച വന്നതിനാൽ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232,233 വകുപ്പുകളും 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ യാതൊരു വ്യാപാര-വ്യവസായ സ്ഥാപനവും പ്രവർത്തിക്കുവാൻ പാടില്ലാത്തതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്ക് 2015-16 സാമ്പത്തിക വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ, താഴെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

(1) മുൻവർഷത്തെ ആപേക്ഷിച്ച് ഫീസ് വരുമാനം കുറവ്

ഡി & ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണത്തിലും ലൈസൻസ് ഫീസിലും മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് ഉണ്ടായിട്ടുണ്ട്.

| വർഷം | ഡി & ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം | ലൈസൻസ് ഫീസ് വരവ് | സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ച സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|
| 2014-15 | 272 | 64100 | 8 |
| 2015-16 | 235 | 58550 | 0 |

ഇതിൽ നിന്നും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എല്ലാ സ്ഥാപനങ്ങളും 01.04.2015 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തേക്ക് ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും ഉറപ്പുവരുത്തുന്നില്ല.

കൂടാതെ മുൻ വർഷം ലൈസൻസ് എടുത്തിട്ടുള്ള എസ്. എസ്. മാർബിൾസ് പോലുള്ള പല വൻകിട സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് പുതുക്കിയിട്ടില്ല എന്നത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു.

(2) കൃത്യമായ വരുമാനത്തിന്റെയടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കാത്തതിനാൽ വരുമാനത്തിൽ കുറവുണ്ടാകുന്നു

എ) മോട്ടോർ കാർ ഡീലർമാരുൾപ്പെടെയുള്ള പല വൻകിട സ്ഥാപനങ്ങളുടെയും ലൈസൻസ് അപേക്ഷകളിൽ വിറ്റുവരവ് സംബന്ധിച്ച വിവരം ചേർത്തിട്ടില്ല. കൂടാതെ ചില സ്ഥാപനങ്ങൾ വിറ്റുവരവ് കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു ദിവസത്തെ വിറ്റുവരവിന്റെ കൃത്യത പരിശോധിക്കാതെ കുറഞ്ഞ നിരക്കിലുള്ള ഫീസ് ചുമത്തിയതിനാൽ വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ വിവരം | അപേക്ഷയിൽ രേഖപ്പെടുത്തിയ ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കാവുന്ന ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | 4/220 | ഏഷ്യൻ | 300 | 500 | 4000 |

| | | | | | |
|---|---|---|---|---|---|
| | | സിൻഡിക്കേറ്റ് (ട്രാക്ടർ, കൺസ്ട്രക്ഷൻ ഉപകരണങ്ങൾ തുടങ്ങിയവയുടെ വിൽപന) | | | |
| 2 | 1/210 | ചീക്കനാൽ ഇൻഡസ്ട്രീസ് & ട്രേഡിംഗ് കമ്പനി. (വെളിച്ചെണ്ണ നിർമ്മാണവും വിൽപനയും) | വിറ്റു വരവ് രേഖപ്പെടുത്തിയിട്ടില്ല | 1000 | 4000 |
| 3 | 6/225 A,B | എം.കെ.മോട്ടോഴ്സ് (മഹീന്ദ്ര ടൂ വീലർ, ത്രീ വീലർ വിൽപന) | 4500 | 500 | 4000 |

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 7-ൽ ഏതൊരു ലൈസൻസിനും II- ാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. പട്ടിക II-ൽ ദിവസേനയുള്ള ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്താവുന്ന ഫീസ് പറഞ്ഞിട്ടുണ്ട്. ഇതു പ്രകാരം ഒരു വർഷം 4000 രൂപ വരെ ഇവരിൽ നിന്നും ഈടാക്കാമെന്നിരിക്കെ കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയതിനാൽ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

ബി) പല സ്ഥാപനങ്ങളുടെയും ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിരുന്ന പ്രതിദിന വരുമാനത്തിന് ആനുപാതികമായിട്ട് ഈടാക്കാവുന്ന ഫീസിലും കുറഞ്ഞ തുകയാണ് ഈടാക്കിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനത്തിന്റെ വിവരം | അപേക്ഷയിൽ രേഖപ്പെടുത്തിയ ഒരു ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ടിയിരുന്ന ലൈസൻസ് ഫീസ് |
|---|---|---|---|---|---|
| 1 | 13/622 A, B, C | സപ്ലൈകോ സൂപ്പർമാർക്കറ്റ് | 80000 | 1000 | 2000 |
| 2 | 13/707, 709 | വൃന്ദാവൻ എന്റർപ്രൈസസ് | 25000 | 100 | 1000 |

(3). റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 13 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല.

(4).ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ല

സഞ്ചയയിലെ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്ന നിലയിൽ ആകെ 830 കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം 235 വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ഡി ആന്റ് ഓ ലൈസൻസ് എടുത്തിട്ടുള്ളത്. വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം നിലനിൽക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താനും അവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും കഴിഞ്ഞിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് (ഓഡിറ്റ് എൻക്വയറി നം 9/16 തീയതി 11-01-17) എസ്.എസ്.മാർബിൾസിന്റെ രണ്ട് കടകളിൽ നിന്നും 2015-16, 2016-17 വർഷങ്ങളിലെ ലൈസൻസ് ഫീസും പിഴപലിശയും

ഉൾപ്പെടെ ആകെ 16800 രൂപ 13-01-2017 ൽ ഈടാക്കിയിട്ടുണ്ട്.

പഞ്ചായത്ത് രാജ് നിയമം, ഡി&ഒ ലൈസൻസ് ചട്ടങ്ങൾ എന്നിവ പാലിച്ചുകൊണ്ട് എല്ലാ സ്ഥാപനങ്ങളും യഥാസമയം ലൈസൻസ് എടുക്കുന്നുണ്ടെന്നും തനത് വരുമാനത്തിൽ കുറവുണ്ടാകുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 2-10 ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക- വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെയും മാർക്കറ്റ് സ്റ്റാളിലെയും മുറികൾ/സ്റ്റാളുകൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

(1) വാടക സംബന്ധിച്ച ബൈലോ ഇല്ല.

ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച നിശ്ചിത ബൈലോ തയ്യാറാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ എന്നിവ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ടൗണിൽ സ്ഥിതി ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക പഞ്ചായത്ത് നിശ്ചയിച്ച് മുറിവാടകയ്ക്ക് പകരം ഡെപ്പോസിറ്റ് തുക ലേലം ചെയ്യുകയാണെങ്കിൽ വലിയ തോതിലുള്ള വരുമാന വർദ്ധനവിന് സാദ്ധ്യതയുണ്ട്. ഈ സാദ്ധ്യത പ്രയോജപ്പെടുത്തുന്നില്ല.

(2) വാടക കൃത്യമായി ഈടാക്കുന്നില്ല

തൻ വർഷം വാടക ഇനത്തിലെ വരുമാനം 698883 രൂപയാണ്. കടമുറികൾ വാടകയ്ക്കെടുത്ത ഒരാൾ പോലും കൃത്യമായി വാടക ഒടുക്കുന്നില്ല. ഗ്രാമപഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെയും വെജിറ്റബിൾ സ്റ്റാളിലെയും മുറികൾ/സ്റ്റാളുകൾക്ക് ഓരോ വർഷവും കമ്മറ്റി തീരുമാനത്തിന്റെയടിസ്ഥാനത്തിൽ നിശ്ചിതനിരക്കിൽ വാടക വർദ്ധിപ്പിച്ച് നിലവിലുള്ളവർക്ക് തന്നെ വാടകയ്ക്ക് നൽകുകയാണ് ചെയ്തുവരുന്നത്. തൻവർഷം 8% വർദ്ധനവാണ് തീരുമാനിച്ച് ഈടാക്കിയിട്ടുള്ളത് .വാടകക്കാരിൽ നിന്നും 3 മാസത്തെ വാടക മുൻകൂർ വാങ്ങുകയും ആയത് അവസാന 3മാസത്തെ വാടകത്തുകയിൽ ക്രമീകരിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. ഭൂരിഭാഗം വാടകക്കാരും ബാക്കിതുക വർഷാവസാനമാണ് ഒടുക്കിയിട്ടുള്ളത്.

(3) വാടകക്കാരുമായി കരാർ ചമയ്ക്കുന്നില്ല

ഓരോ വർഷവും വാടകക്കാരുമായി വാടക വ്യവസ്ഥകൾ സംബന്ധിച്ച കരാർ ചമച്ച് നിയമാനുസൃതമാക്കുന്നില്ല. ആയതിനാൽ വാടക സംബന്ധിച്ച് എന്തെങ്കിലും നിയമവ്യവഹാരം ഉണ്ടാകുകയാണെങ്കിൽ സാധുതയില്ലാത്ത കരാർ മൂലം പ്രതികൂല ഉത്തരവുണ്ടാകാൻ സാധ്യതയുണ്ട്.

## 2-11 പരസ്യ നികുതി- ഈടാക്കുന്നതിൽ വീഴ്ച

പരസ്യ നികുതി ബൈലോയുടെ അടിസ്ഥാനത്തിൽ പരസ്യ നികുതി ഈടാക്കുന്നുണ്ടെങ്കിലും ഈയിനത്തിലുള്ള വരുമാനം വളരെ കുറവാണ്. തൻവർഷം ഈയിനത്തിലെ വരുമാനം 2055 രൂപ മാത്രമാണ്. പത്തനംതിട്ട-കൈപ്പട്ടൂർ റോഡിന്റെ ഏകദേശം 5 കിലോ മീറ്റർ പ്രദേശം ഈ പഞ്ചായത്തിന്റെ ഭാഗമാണ്. കൂടാതെ ഓമല്ലൂർ-പ്രക്കാനം റോഡും പഞ്ചായത്ത് പരിധിയിൽ കൂടി കടന്നു പോകുന്നുണ്ട്.

2015-16 വർഷം അനധികൃത പരസ്യങ്ങൾ നീക്കം ചെയ്യുവാൻ നടപടികൾ സ്വീകരിച്ചിരുന്നു. എങ്കിലും നിലവിൽ ധാരാളം പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ഈ പരസ്യങ്ങളിൽ നിന്നും നല്ലൊരു വരുമാനം ലഭിക്കുവാനുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നില്ല. നിലവിലുള്ള പരസ്യ നികുതി ബൈലോ പ്രകാരം ഒരുമാസത്തേക്ക് ഹോർഡിംഗുകൾക്ക് 1 ച.മീറ്ററിന് 10 രൂപ നിരക്കിൽ നികുതി ഈടാക്കാവുന്നതാണ്. 2015-16 വർഷം കാഡ് സെന്റർ, പത്തനംതിട്ട എന്ന സ്ഥാപനത്തിന്റെ 11 ചതുരശ്രമീറ്റർ വലിപ്പമുള്ള ഒരു പരസ്യബോർഡിൽ നിന്നും പ്രതിമാസം 105 രൂപ നിരക്കിൽ വരുമാനം ലഭിച്ചിരുന്നു. പത്തനംതിട്ട-കൈപ്പട്ടൂർ റോഡിന്റെ ഇരുവശങ്ങളിലായി ഭീമ ജൂവലറി, പാറപ്പാട്ട് പി സ്ക്വയർ, ശ്രീവത്സം ടെക്സ്റ്റയിൽസ്, ചൈതന്യ മാർബിൾസ് തുടങ്ങിയ വൻകിട സ്ഥാപനങ്ങളുടെ 10 ചതുരശ്രമീറ്ററിലധികം വലിപ്പമുള്ള ധാരാളം പരസ്യങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇവയിൽ നിന്നും പരസ്യനികുതി പിരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റെക്കോഡ് റൂം സജ്ജീകരിക്കൽ - എസ്റ്റിമേറ്റ് പോലുമില്ലാതെ പ്രവൃത്തിക്ക്

## പ്രതിഫലത്തുക നിശ്ചയിച്ച - ലക്ഷങ്ങളുടെ ദുർവ്യയം

റെക്കോഡ് റൂം സജ്ജീകരിക്കുന്നതിന് പദ്ധതി നടപ്പാക്കിയതിൽ വൻക്രമക്കേട്. 4.88 ലക്ഷം രൂപയ്ക്ക് പ്രവൃത്തി സിഡ്കോയെ ഏൽപിച്ചത് യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെയാണ്.

ഐ.എസ്.ഓ സർട്ടിഫിക്കേഷന് വേണ്ടി റെക്കോഡ് റൂം സജ്ജീകരിക്കുന്നതിന് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 5 ലക്ഷം രൂപ അടങ്കൽ വകയിരുത്തി 2015-16 ൽ പദ്ധതി അംഗീകാരം വാങ്ങിയിരുന്നു. (പ്രോജക്ട് നംപർ S0118/16 ). പദ്ധതിക്കായി 6-3-15 ൽ നൽകിയ ടെണ്ടർ പരസ്യത്തിലൂടെ 3 ടെണ്ടറുകളാണ് ലഭിച്ചത്. സിഡ്കോയുടെ "Straw Board Factory", പരുമല (പി.ഓ) എന്ന യൂണിറ്റ് Modular CupBoard -കൾ നിർമ്മിച്ച് നൽകുന്നതിന് 488000 രൂപ ക്വോട്ട് ചെയ്ത് ടെണ്ടർ സമർപ്പിച്ചിരുന്നു. (Wall Shelf – 18 mm Pre-laminated Panel Board – 9 partition – Top and Bottom – One Side : 10 ' X11.7', Second side : 10'X19', Third side : 10'X9.2') പ്രൊക്യൂവർമെന്റ് കമ്മിറ്റിയുടെ 28-3-15 ലെ തീരുമാനപ്രകാരവും പഞ്ചായത്ത് കമ്മിറ്റിയുടെ അതേ തീയതിയിലെ 3(1) നംപർ തീരുമാനപ്രകാരവും പരുമല സിഡ്കോയുടെ ടെണ്ടർ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 24-7-15 ൽ സെക്രട്ടറി വർക്ക് ഓർഡർ നൽകി. പ്രവൃത്തി പൂർത്തീകരിച്ചതിനെത്തുടർന്ന് സിഡ്കോയുടെ 24-9-15 ലെ 24 -ാം നംപർ ബിൽ പ്രകാരം 488000 രൂപ സ്ഥാപനത്തിന് നൽകി ( ഡി.ഡി. നംപർ 846577 / 29-12-15) . പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഉണ്ടായ ഗുരുതരമായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല. ടെണ്ടർ നിരക്കിന്റെ സ്വീകാര്യത ബോധ്യപ്പെടുന്നതിന് വിവിധ പ്രവൃത്തി ഇനങ്ങളുടെ അളവ്, നിരക്ക് എന്നിവയെ അടിസ്ഥാനമാക്കി സാങ്കേതിക വിഭാഗം തയ്യാറാക്കിയ വിശദമായ എസ്റ്റിമേറ്റ് അനിവാര്യമായിരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുകയോ സാങ്കേതികാനുമതി വാങ്ങുകയോ ചെയ്യാതെ ടെണ്ടർ ക്ഷണിച്ചത് ഗുരുതരമായ കൃത്യവിലോപമാണ്.

2. സമർപ്പിക്കപ്പെട്ട 3 ടെണ്ടറുകളിലും വ്യത്യസ്ഥ പ്രവൃത്തി ഇനങ്ങൾ ആണ് ഉൾക്കൊള്ളിച്ചിരുന്നത്. വ്യക്തമായ specification ടെണ്ടർ പരസ്യത്തിൽ സൂചിപ്പിക്കാഞ്ഞതാണ് ആണ് ഈ അപാകതക്ക് കാരണമായത്. എസ്റ്റിമേറ്റില്ലാതെ സിഡ്കോയുടെ ടെണ്ടർ നിരക്ക് അതേപടി അംഗീകരിച്ചത് നടപടിക്രമങ്ങളുടെ വ്യക്തമായ ലംഘനമാണ്.

3. പ്രവൃത്തിയുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന പ്രവൃത്തിമൂല്യം കണക്കാക്കാതെയാണ് പ്രതിഫലത്തുക നൽകിയത്. ആയത് ഗുരുതരമായ ഫണ്ട്ദുർവിനിയോഗമായി വിലയിരുത്തുന്നു.

4. കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല എന്നതും ഗുരുതരമായ വീഴ്ചയാണ്. ഇക്കാരണത്താൽ കരാറുകാരൻ അധികപ്രതിഫലം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.ടെണ്ടർ നടപടിക്രമങ്ങൾ ഉൾപ്പെടെ പ്രവൃത്തി നിർവ്വഹണത്തിലുണ്ടായ ഗുരുതരമായ അപാകതകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ഉത്തരവാദിയാണ്. ഈ വിഷയം സംബന്ധിച്ച് 12.01.2017 ൽ 12 ആം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല. ചെയ്ത പ്രവൃത്തിയുടെ അളവുകൾ എഞ്ചിനീയറിംഗ് വിഭാഗത്തെക്കൊണ്ട് രേഖപ്പെടുത്തി വാങ്ങേണ്ടതും, കരാർ ഏൽപിച്ച സമയത്ത് അനുവദനീയമായ നിരക്കുകൾ പ്രകാരം അർഹമായ പ്രതിഫലത്തുക നിർണ്ണയിക്കേണ്ടതുമാണ്. പ്രതിഫലത്തുക അധികമായി നൽകിയിട്ടുള്ളപക്ഷം ആയത് കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. അതുവരെ ചെലവു തുക 488000 രൂപ തടസ്സത്തിൽ വയ്ക്കുന്നു

# 3-2 സമ്പൂർണ്ണ ഇ-സാക്ഷരത യജ്ഞം- ആസൂത്രണത്തിലെ പിഴവുമൂലം 160000 രൂപയുടെ ചെലവ് നിഷ്ഫലമായി

| | |
|---|---|
| പ്രോജക്ട് | S0075/16 ഇ-സാക്ഷരത |
| അടങ്കൽ | 200000 (വികസനഫണ്ട്) 100000 (തനത്ഫണ്ട്) 300000 (മറ്റിനം) |
| ചെലവ് | 160000 രൂപ (വികസനഫണ്ട്) ട്രഷറി ബിൽ നം- 3/15-16, തീയതി 27.01.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവൺമെന്റ് യു.പി.സ്കൂൾ |

വികസന ഫണ്ടിൽ നിന്നും 2 ലക്ഷം, തനത് ഫണ്ടിൽ നിന്നും 1 ലക്ഷം, മറ്റുള്ളവ 3 ലക്ഷം എന്നിങ്ങനെ ആകെ 6 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച മേൽ പ്രോജക്ടിനായി തൻ വർഷം വികസനഫണ്ടിൽ നിന്നും 160000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും പിഴവുകൾ മൂലം പദ്ധതി ഫലപ്രാപ്തി കൈവരിച്ചില്ല.

പഞ്ചായത്തിന്റെയും ഗ്രാമത്തിലെ വിവിധ പൊതുജന സംഘടനകളുടെയും നേതൃത്വത്തിലും പൂർണ്ണ ജനപങ്കാളിത്തത്തിലും 100 ദിവസം കൊണ്ട് പൂർത്തീകരിക്കുന്ന തീവ്രയജ്ഞ പരിപാടിയാണ് സമ്പൂർണ്ണ ഇ-സാക്ഷരത പൈലറ്റ് പ്രോജക്ടിലൂടെ വിഭാവനം ചെയ്തിരുന്നത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ മേൽനോട്ടത്തിലുള്ള സംഘാടക സമിതി പഞ്ചായത്തിൽ സമ്പൂർണ്ണ ഇ-സാക്ഷരത നടപ്പിലാക്കുന്ന 20 പരിശീലകരെയും 10 കമ്മ്യൂണിറ്റി ഫെസിലിറ്റേറ്റർമാരെയും കണ്ടെത്തി അവർക്ക് പരിശീലനം നൽകി അവരിലൂടെ ഗ്രാമപഞ്ചായത്തിലെ യുവജനങ്ങൾ, വീട്ടമ്മമാർ, തൊഴിലാളികൾ തുടങ്ങി സമൂഹത്തിലെ എല്ലാ

വിഭാഗത്തിലുമുള്ള വ്യക്തികൾക്ക് 10 ദിവസം കമ്പ്യൂട്ടർ പരിശീലനം നൽകി ഇ-സാക്ഷരത കൈവരിക്കാനാണ് പ്രോജക്ടിലൂടെ ലക്ഷ്യമിട്ടിരുന്നത്. പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയാണ് പരിശീലനം നൽകുന്നതിനുള്ള പങ്കാളിയായി നിശ്ചയിച്ചിരുന്നത്. പദ്ധതിയുടെ സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

| | സമ്പൂർണ്ണ ഇ-സാക്ഷരത യജ്ഞം<br>(ബജറ്റ്) | |
|---|---|---|
| ക്രമ നം | ചെലവിനങ്ങൾ | വകയിരുത്തിയ തുക |
| 1 | ടാബ് ലറ്റ്- കെൽട്രോൺ (20X9000) | 180000 |
| 2 | അനുബന്ധ ഉല്പന്നങ്ങൾ (10X1000) | 20000 |
| 3 | സ്റ്റേഷനറിയും മറ്റ് സാധനങ്ങളും | 15000 |
| 4 | പരിശീലകർക്കുള്ള അലവൻസ് (15000 ഗുണഭോക്താക്കൾ X 20 രൂപ) | 300000 |
| 5 | യാത്ര, ഫോൺ | 10000 |
| 6 | പരിശീലകർക്കുള്ള പരിശീലനം | 10000 |
| 7 | അവലോകനം | 5000 |
| 8 | കമ്മ്യൂണിറ്റി മൊബലൈസേഷൻ ചെലവുകൾ | 50000 |
| 9 | മറ്റിനം | 10000 |
| | ആകെ | 600000 |

സാമ്പത്തിക സ്വരൂപണം

| ക്രമ നം | വരവിനം | വകയിരുത്തിയ തുക |
|---|---|---|
| 1 | ഭാരത സർക്കാർ ഐ.റ്റി. വകുപ്പിന്റെ സഹായത്തോടെ പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്ര പഞ്ചായത്തിന് ലഭ്യമാക്കുന്നത് | 300000 |
| 2 | ഗ്രാമപഞ്ചായത്ത് പ്ലാൻ ഫണ്ട്<br>(ധനമന്ത്രിയുടെ സംസ്ഥാന ബജറ്റ് നിർദ്ദേശമനുസരിച്ച്) | 200000 |
| 3 | ഗ്രാമപഞ്ചായത്ത് തനത് ഫണ്ട്<br>(സംസ്ഥാനതല പഞ്ചായത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം) | 100000 |
| | | 600000 |

പദ്ധതി നിർവ്വഹണം സംബന്ധിച്ച് അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെൽട്രോണിന്റെ 30-07-2016 ലെ ITBG/16-17/3043/ITP/1186 നമ്പർ ബിൽ പ്രകാരമുള്ള 20 ടാബ് ലെറ്റുകൾ പ്രവർത്തനയോഗ്യമാണെന്ന് ഉറപ്പുവരുത്തിയിട്ടില്ല. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ രണ്ട് പാഴ്സലുകൾ തുറക്കാതെ വാഴമുട്ടം ഗവ. യു.പി.സ്കൂളിൽ സൂക്ഷിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടു. എന്നാൽ പാഴ്സലുകൾ തുറന്ന് പരിശോധിച്ചിട്ടില്ലാത്തതിനാൽ ബിൽ പ്രകാരമുള്ള സ്പെസിഫിക്കേഷനിലുള്ളവയാണ് ലഭിച്ചതെന്ന് ഉറപ്പാക്കാനായിട്ടില്ല. കൂടാതെ ടാബ് ലെറ്റുകൾക്ക് 1 വർഷത്തെ വാറന്റിയാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വാറന്റി കാലയളവിനുള്ളിൽ ഇവ യുടെ പ്രവർത്തനക്ഷമത പരിശോധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടാബ് ലെറ്റുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് മാറിയെടുക്കാനുള്ള സാധ്യത പ്രയോജനപ്പെടുത്തുവാൻ കഴിയില്ല.
2. ഗ്രാമപഞ്ചായത്തിൽ ഇ-സാക്ഷരത നടപ്പിലാക്കുന്നതിനായി 20 പരിശീലകരെയും 10 കമ്മ്യൂണിറ്റി ഫെസിലിറ്റേഴ്സിനെയും തെരെഞ്ഞെടുക്കാതെയാണ് ടാബ് ലെറ്റുകൾ വാങ്ങിയത്.
3. വാങ്ങൽ സംബന്ധിച്ച പ്രൊക്യൂവർമെന്റ് കമ്മറ്റി ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടില്ല.
4. പരിശീലകർക്കും കമ്മ്യൂണിറ്റി ഫെസിലിറ്റേഴ്സിനും പരിശീലനം നൽകുവാനായുള്ള ഏജൻസിയുമായി പദ്ധതി നിർവ്വഹണം യാതൊരു കരാറും ചമച്ചിട്ടില്ല.
5. പി.എൻ.പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയിൽ നിന്നും 04-02-2015 ൽ 540951/31.12.14 നമ്പർ ഡി.ഡി. പ്രകാരം ലഭിച്ച 100000 രൂപ പദ്ധതി നടപ്പിലാക്കാത്തതിനാൽ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് വകമാറ്റി ചെലവഴിച്ചു വരികയാണ്.

പദ്ധതി നടപ്പാക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും തുല്യ ഉത്തരവാദികളാണ്. പദ്ധതി നടപ്പാക്കാത്തതിനാലും മേൽ അപാകതകളാലും 160000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. പദ്ധതി നടപ്പിലാകാതെ ടാബ് ലെറ്റുകൾ ഉപയോഗ ശൂന്യമാവുകയാണെങ്കിൽ തടസ്സം നിരാകരണമായി മാറ്റി 160000 രൂപയുടെ നഷ്ടം ഉത്തരവാദികളിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നതാണ്.

## 3-3 1:2:4 റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകി - ചെലവ് നഷ്ടം

2015-16 ൽ ഗ്രാമ പഞ്ചായത്തിൽ Public Works(H) Department ന്റെ 17.04.2013 ലെ G.O(P) No.36/2013/PWD ഉത്തരവു പ്രകാരം CPWD Data (Central Public Works Department,Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു.ഇതു പ്രകാരമാണ് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കുകയും കൺവീനർമ്മാർക്ക് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തിട്ടുള്ളത്.CPWD,Analysis of rates-2014,Volume-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code:4.1.3) Base rate എന്നത് 4753.29/- രൂപയാണ്.PWD,ചീഫ് എഞ്ചിനീയറുടെ 15.12.2014 ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ഉം 2015-16 മുതൽ 45.71 % ഉം ആണ്.ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 1.4.2014 മുതൽ 6699.66/m3 ഉം 2015-16 മുതൽ 6926/m3 ഉം ആണ്. (4753.29x1.4095=6699.76 ; 4753.29x1.4571=6926 ). എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പകരം തറ നിരപ്പാക്കലിനു (Flooring,DSR Code:11.7) നൽകേണ്ട നിരക്കാണ് നൽകിയിരിക്കുന്നത്. അതായത് എം ക്യൂബിന് 7058.80 രൂപ നിരക്കിൽ ഫൈനൽ ബിൽ തയ്യാറാക്കി തുക നൽകിയത് അംഗീകരിക്കാനാവില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code:4.1.3)

Details of cost for 1 cum

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone | Cum | 0.220 | 1175 | 258.50 |

| | | | | | |
|---|---|---|---|---|---|
| | aggregate (Single size)-10mm nominal size | | | | |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| Labour | | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta,40.95% | | | | | 1946.47 |
| Total | | | | | 6699.76 |

For Flooring:(DSR Code:11.7)

Details of cost for one m3

| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 4.1.3 | Rate as per item 4.1.3 of DSR ,concrete work | M3 | 1 | 4753.29/m3 | 4753.29 |
| Labour:Extra labour for laying in floors etc | | | | | |

| | | | | | |
|---|---|---|---|---|---|
| 0124 | Mason(brick layer) 2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| Sub Total | | | | | 5005.48 |
| Add 1% water charge except for 4.1.3 (252.19x1%) | | | | | 2.52 |
| Total | | | | | 5008 |
| Cost Index for Pathanamthitta,40.95% | | | | | 2050.78 |
| Total | | | | | 7058.78 |

ഇത്തരത്തിൽ അധിക നിരക്ക് നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറുടെയും സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയറുടെയും ഭാഗത്തു നിന്നുണ്ടായ പിഴവാണ്.

ഇപ്രകാരം അധിക നിരക്ക് നൽകിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നംപർ/ പ്രവൃത്തിയുടെ പേര്/ അടങ്കൽ | കൺവീനറുടെ പേരും വിലാസവും | പ്രവൃത്തി മൂല്യം/DD നം,തീയതി | 1:2:4 കോൺക്രീറ്റിന്റെ അളവ്, നൽകിയ തുക. | 1:2:4 കോൺക്രീറ്റിനു നൽകേണ്ട തുക. (@6699.76) | നഷ്ടം |
|---|---|---|---|---|---|---|
| 1 | വാഴയിൽപ്പടി കാഞ്ഞിരംനിൽക്കുന്നതിൽ റോഡ് SO96/16 148298 | വി.ജെ.തോമസ്, വാഴയിൽ, ഓമല്ലൂർ | 140228 846876 / 6-12-15 | 9.8എം3 69176 | 65658 | 3518 |
| 2 | വെള്ളാരം കുന്നിൽപ്പടി-ഉതിനിൽക്കുന്നതിൽപ്പടി റോഡ് SO101/16 148928 | വി.ജി.രാജൻ, വെള്ളാരംകുന്നിൽ | 140228 391472/ 22-9-15 | 9.8 എം3 69176 | 65658 | 3518 |
| 3 | ഷട്ടർമുക്ക് ലത്തീൻപള്ളി റോഡ് SO97/16 148928 | പ്രസാദ്.കെ, കിഴക്കേപുത്തൻവീട്ടിൽ, പുത്തൻപീടിക | 140228 847578/ 3-2-16 | 9.8 എം3 69176 | 65658 | 3518 |
| 4 | വാഴയിൽപ്പടി വലിയവീട്ടിൽപ്പടി റോഡ് SO61/16 121427 | എം.ജെ.തോമസ്, മുതിരക്കാലായിൽ ഹൗസ് | 114511 265958/ 18-4-16 | 8 എം3 56470 | 53598 | 2872 |
| 5 | അഞ്ചുതെങ്ങിൽ കോളനി റോഡ് SO149/16 133078 | ശിവരാമൻ, പാലക്കൽ, ചീക്കനാൽ | 122193 266090/ 18-4-16 | 8.12 എം3 57317 | 54402 | 2915 |
| 6 | ആലുമ്മൂട്ടിൽപ്പടി-മുതുവേലിൽഭാഗം റോഡ് SO74/16 199617 | അച്യുതൻ, പ്രദീപ് ഭവനം,പൈവള്ളി | 187028 ബിൽ നം-80/22-2-16 | 13.15 എം3 92822.9 | 88101.8 | 4721 |
| 7 | പുല്ലേലിൽപ്പടി പാലേലിൽപ്പടി റോഡ് | ബിജു വർഗീസ്, പുല്ലേലിൽ, ചീക്കനാൽ | 114510 | 8 എം3 | 53598 | 2871 |

| | | | | | | |
|---|---|---|---|---|---|---|
| | SO57/16<br>121427 | | 265959/<br>18-4-16 | 56469 | | |
| 8 | വെളുത്തേടത്ത്പടി വിലങ്ങോലപ്പടി റോഡ്<br>SO6716<br>121427 | തങ്കച്ചൻ, മേലേപ്പടിഞ്ഞാറ്റേതിൽ, ആറ്ററികം | 114511<br>846880 / 6-1-16 | 8എം3<br>56470 | 53598 | 2872 |
| 9 | തൈക്കുട്ടത്തിൽപ്പടി കോയിക്കുന്നത്ത് പടി റോഡ് SO130/16<br>121427 | സാംകുട്ടി.വി.സ്കറിയ, തൈക്കുട്ടത്തിൽ<br>പുത്തൻപീടിക | 114503<br>265406/ 7-4-16 | 8 എം3<br>56470 | 53598 | 2872 |
| 10 | ഇവാഞ്ചലിക്കൽ പള്ളിപ്പടി ചിറപ്പുറത്ത് നിരവത്ത്പടി റോഡ്<br>SO66/16<br>121427 | എം.രാജൻ, രാജ്നിലയം,. പന്ന്യാലി | 114511<br>848318 / 24-2-16 | 8 എം3<br>56470 | 53598 | 2872 |
| 11 | പാനിക്കലേത്ത് പടി ചരിവുകാലാപ്പടി റോഡ് SO99/16<br>148928 | ഗീവർഗീസ് ജോഷ്വാ, പാനിക്കലേത്ത് | 140227<br>846886/ 6.1.16 | 9.8 എം3<br>69176 | 65658 | 3518 |
| 12 | കൊല്ലന്റെതാഴേതിൽപ്പടി തോട്ടത്തിൽപ്പടി റോഡ് SO103/16<br>148928 | സുകുമാരൻനായർ, ചേര്യത്ത്, ഓമല്ലൂർ | 140228<br>390621 / 19-8-15 | 9.8 എം3<br>69176 | 65658 | 3518 |
| 13 | പള്ളം ളാഹയിൽപ്പടി റോഡ്<br>SO95/16<br>148928 | ഷിൻസി മോൻസി, ളാഹയിൽ, പള്ളം | 136471<br>391469 / 22-9-15 | 9.5 എം3<br>67418 | 63647.7 | 3770 |
| 14 | കൈമൾകാലായിൽപ്പടി വെള്ളംകുളങ്ങര അമ്പലംപടി റോഡ് SO65/16 121427 | രാജേഷ്, മറ്റപ്പള്ളിൽ, മഞ്ഞനിക്കര | 114511<br>265963 / 18-4-16 | 8 എം3<br>56470 | 53598 | 2872 |
| 15 | തേക്കുംകാട്ടിൽപ്പടി താഴേനിരവത്ത് പടി റോഡ് SO98/16 148928 | വേണു, കുറുത്താട്ടുണ്ടിൽ, പൈവള്ളി | 140227<br>391490 / 22-9-15 | 9.8 എം3<br>69176 | 65658 | 3518 |
| 16 | ഐത്രൂർപ്പടി താഴൂർക്കടവ്<br>SO100/16 148928 | ഗംഗാധരൻനായർ, ശ്രീരാഗം, വാഴമുട്ടം | 140227<br>846874/<br>6-1-16 | 9.8 എം3<br>69176 | 65658 | 3518 |
| 17 | പ്ലാന്തോട്ടത്തിൽപ്പടി-ചാത്തച്ചേത്ത് പടി റോഡ്<br>SO69/16 121427 | ബെന്നി മാത്യു, പ്ലാക്കോട്ട് മേമ്മുറിയിൽ | 114553<br>265954 / 18-4-16 | 8.1 എം3<br>57175 | 54268 | 2907 |

| | | | | | | |
|---|---|---|---|---|---|---|
| 18 | വിളക്കുവേലിൽപ്പടി കുഴിനാപ്പുറത്ത് റോഡ് SO92/16 148928 | സുഭാഷ്, വിളക്കുവേലിൽ മേലേതിൽ, ചീക്കനാൽ | 138268 ബിൽ നംപർ 30 / 23-12-15 | 9.675 എം3 68294 | 64820 | 3474 |
| 19 | പള്ളം ംങ്ങാരേത്ത് പടി റോഡ് SO60/16 121427 | മറിയാമ്മ റെജി, കിഴക്കേപ്പാറേത്ത് | 114290 265240 / 6-4-16 | 6.5 എം3 45882 | 43548 | 2334 |
| ആകെ | | | | | | 61978 |

അധിക നിരക്ക് നൽകിയതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടമായ 61978രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടേയും സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും പക്കൽ നിന്ന് ഈടാക്കി നിയമാനുസൃതം തിരികെ ഒടുക്കേണ്ടതാണ്. 61978 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 ഗുണഭോക്തൃസമിതികൾ - പ്രവൃത്തി നിർവ്വഹണം സുതാര്യമല്ല - ടെണ്ടർ നടപടി സ്വീകരിക്കുന്നില്ല

ഗുണഭോക്തൃസമിതികൾ മുഖേന തൻവർഷം നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ നിർവ്വഹണം സുതാര്യമായിരുന്നില്ല. പ്രവൃത്തികളുടെ പണമിടപാടുകൾക്കായുള്ള അക്കൗണ്ട് പാസ്സ്ബുക്ക് നിർവ്വഹണത്തിന് ശേഷം തിരികെ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

പൊതുമരാമത്ത് ചട്ടങ്ങളിലെ 13 -ാം വകുപ്പിൽ ഗുണഭോക്തൃ സമിതി രൂപീകരണം, സമിതിയുടെ പ്രവർത്തനം, സമിതികൾ സൂക്ഷിക്കേണ്ടുന്ന രേഖകൾ എന്നിവയെപ്പറ്റി നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പുറപ്പെടുവിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിലും ഇക്കാര്യങ്ങൾ വിശദമായി പ്രതിപാദിക്കുന്നു. ഇതനുസരിച്ച്, പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ സംയുക്തമായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താൻ പാടുള്ളൂ. പ്രവൃത്തിക്കാവശ്യമായ പണം കൺവീനറും ചെയർമാനും കൂടി ഒപ്പിട്ട ചെക്കുകൾ വഴിയാണ് പിൻവലിക്കേണ്ടത്. എന്നാൽ തൻവർഷം പ്രവൃത്തിയുടെ പ്രതിഫലത്തുക കൺവീനറുടെ പേരിൽ മാത്രം ഡി.ഡി ആയി ആണ് എല്ലാ പ്രവൃത്തികൾക്കും നൽകിയിട്ടുള്ളത്. പ്രവൃത്തികൾക്കൊന്നുംതന്നെ സംയുക്ത അക്കൗണ്ട് ആരംഭിക്കാതെ കൺവീനറുടെ പേരിൽ മാത്രമായി ഡി.ഡി നൽകിയത് ഗുരുതരമായ ക്രമക്കേടാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്രവൃത്തിയുടെ പേര്, അടങ്കൽ | ഗുണഭോക്തൃസമിതി കൺവീനർ | പ്രവൃത്തി മൂല്യം/ ഡി.ഡി. നംപർ, തീയതി |
|---|---|---|---|
| 1 | വാഴയിൽപ്പടി വലിയവീട്ടിൽപ്പടി റോഡ് SO61/16 121427 | എം.ജെ.തോമസ്, മുതിരക്കാലായിൽ ഹൗസ് | 114511 265958/ 18-4-16 |
| 2 | അഞ്ചുതെങ്ങിൽ കോളനി റോഡ് SO149/16 133078 | ശിവരാമൻ, പാലക്കൽ, ചീക്കനാൽ | 122193 266090/ 18-4-16 |
| 3 | ആലുമ്മൂട്ടിൽപ്പടി- മുളവേലിൽഭാഗം റോഡ് SO74/16 199617 | അച്യുതൻ, പ്രദീപ് ഭവനം,പൈവള്ളി | 187028 |
| 4 | പുല്ലേലിൽപ്പടി പാലേലിൽപ്പടി റോഡ് SO57/16 121427 | ബിജു വർഗീസ്, പുല്ലേലിൽ, ചീക്കനാൽ | 114510 265959/ 18-4-16 |
| 5 | വെളുത്തേടത്ത്പടി വിലങ്ങോലപ്പടി റോഡ് SO6716 121427 | തങ്കച്ചൻ, മേലേപ്പടിഞ്ഞാറ്റേതിൽ, ആറ്ററികം | 114511 846880 / 6-1-16 |
| 6 | തൈക്കൂട്ടത്തിൽപ്പടി കോയിക്കുന്നത്ത് പടി റോഡ് SO130/16 | സാംകുട്ടി.വി.സ്കറിയ, തൈക്കൂട്ടത്തിൽ | 114503 |

| | | | |
|---|---|---|---|
| | 121427 | പുത്തൻപീടിക | 265406/ 7-4-16 |

ഗുണഭോക്തൃസമിതികളുടെ ചെലവ് കണക്കുകൾ, വൗച്ചറുകൾ, മസ്റ്റർ റോൾ, അക്കൗണ്ടിൽ നിന്നുമുള്ള പണമിടപാട് എന്നിവയിൽ നിന്നും നിർവ്വഹണ രീതി സുതാര്യമല്ല എന്ന് വ്യക്തമാണ്. തൻവർഷം 10പ്രവൃത്തികളൊഴികെ മറ്റെല്ലാം ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പാക്കിയത്. മേൽസൂചിപ്പിച്ച അപാകങ്ങളുടെ വെളിച്ചത്തിലും ടെണ്ടർ സമ്പ്രദായം സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് വിമുഖത കാട്ടുന്നത് അഭിലഷണീയമല്ല. ടെണ്ടർ സമ്പ്രദായം പൂർണ്ണമായും സ്വീകരിച്ച് പ്രവൃത്തി നിർവ്വഹണം സുതാര്യമാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

## 3-5 ആധുനിക അറവുശാല നിർമ്മാണം പാതിവഴിയിൽ.

ആധുനിക അറവുശാല നിർമ്മാണം തുടങ്ങി വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരണം യാഥാർത്ഥ്യമായില്ല.

അറവുശാലക്കെട്ടിട നിർമ്മാണത്തിന് 2011-12 ൽ പദ്ധതി അംഗീകാരം വാങ്ങി പ്രവൃത്തിയുടെ കരാർ ഏൽപിച്ചിരുന്നു. (കരാറുകാരൻ: ശ്രീ. എം.കെ. സന്തോഷ് കുമാർ)2014-15 ൽ ശുചിത്വമിഷനിൽ നിന്നും 1627875 രൂപ പദ്ധതിക്കായി ലഭിച്ചു. അറവുശാലക്കെട്ടിട നിർമ്മാണം, റെയിൽവർക്ക്, സെപ്റ്റിക് ടാങ്ക്, എന്നീ ഇനങ്ങളിലായി 1612837 രൂപയാണ് 2014-15 വരെ പ്രവൃത്തിക്കുണ്ടായ ചെലവ്. പദ്ധതി പ്രകാരം കെട്ടിടത്തിന് വൈദ്യുതീകരണത്തിന് വേണ്ടി 727875 രൂപ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും നാളിതുവരെ ടി പ്രവൃത്തി ചെയ്തിട്ടില്ല.

ശുചിത്വ മിഷൻ ഫണ്ടിനത്തിൽ ലഭിച്ച തുകയിൽ നിന്നും 1418914 രൂപയാണ് നാളിതുവരെ ചെലവഴിച്ചത്. 208961 രൂപ പ്രസ്തുത ഫണ്ടിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. അറവുശാലയ്ക്ക് റാമ്പ്, കെട്ടിടത്തിന്റെ തറ നിരപ്പാക്കൽ (flooring), ഭിത്തി ടൈൽ പതിക്കൽ, മെക്കാനിക്കൽ ഉപകരണങ്ങൾ വാങ്ങൽ, ബയോഗ്യാസ് പ്ലാന്റ് എന്നീ ഇനങ്ങൾ നടപ്പാക്കുന്നതിന് 2015-16 ൽ പദ്ധതി ആവിഷ്കരിച്ചെങ്കിലും ശുചിത്വ മിഷനിൽ നിന്നും ഫണ്ട് ലഭിക്കാഞ്ഞതിനാൽ ആയവ നടപ്പാക്കാനായില്ല.

ശുചിത്വ മിഷൻ ഫണ്ട് ലഭ്യമാക്കുന്നതിനും പ്രവൃത്തിയുടെ പൂർത്തീകരണത്തിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ, പദ്ധതിയുടെ വിവിധ ഘടകങ്ങൾ ശുചിത്വ മിഷന്റെ മേൽനോട്ടത്തിന്റെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതും ശാസ്ത്രീയമായ പ്രവർത്തനക്ഷമത ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-6 നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും കൈപ്പറ്റ് രസീത് ലഭിയ്ക്കുന്നില്ല

തൻവർഷം വിവിധ മരാമത്ത് പ്രവൃത്തികളുടെ മൂല്യത്തുകയിൽ നിന്നും നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ക്ഷേമനിധി ബോർഡിലേക്ക് ഒടുക്കിയെങ്കിലും നാളിതുവരെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും കൈപ്പറ്റ് രസീത് ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ക്ഷേമനിധി വിഹിതം ആയി അയച്ച ഡി.ഡി -കളുടെ എണ്ണം | അയച്ച ഡി.ഡി -കൾ പ്രകാരമുള്ള ആകെത്തുക | കൈപ്പറ്റ് രസീതുകൾ ലഭ്യമാക്കിയത്. | |
|---|---|---|---|---|
| | | | എണ്ണം | തുക |
| 2015-16 | 47 | 89870 | ഇല്ല | ഇല്ല |

വിവിധ മരാമത്ത് പ്രവൃത്തികളുടെ മൂല്യത്തുകയിൽ നിന്നും നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ആയി 1 % തുക ഈടാക്കിയത് പ്രകാരം 89870 രൂപ തൻവർഷം ബോർഡിലേക്ക് ഡി.ഡി ആയി ഒടുക്കിയെങ്കിലും ഇതിൽ ഒന്നിനും രസീത് ലഭിക്കാഞ്ഞത് ഗുരുതരമായ അപാകതയാണ്. രസീതുകൾ ലഭിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ കത്തുകൾ അയച്ചതിന് മറുപടിയൊന്നും ലഭിച്ചിട്ടുമില്ല. Account Payee ആയല്ല ഡി.ഡി - കൾ നൽകിയത് എന്നും, എന്നാൽ Registered with Acknowledgement ആയാണ് അവ അയച്ച് നൽകിയത് എന്നും രേഖകൾ വ്യക്തമാക്കുന്നു. ഡി.ഡി - കൾ Account Payee ആയി നൽകാഞ്ഞത് നടപടിക്രമങ്ങളിലെ അപാകം ആണ്. ഈ വിഷയത്തിന്മേൽ തുടർനടപടിക്കായി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കാഞ്ഞത് ഗുരുതരമായ വീഴ്ച ആയി വിലയിരുത്തുന്നു.

ഡിമാന്റ് ഡ്രാഫ്റ്റുകൾ ഭാവിയിൽ Account Payee ആയും രജിസ്റ്റേർഡ് തപാൽ മുഖേനയും അയച്ച് നൽകേണ്ടതാണ്. കൂടാതെ കൈപ്പറ്റ് രസീതുകൾ ലഭിക്കാഞ്ഞതിന്മേൽ തുടർ നടപടിക്കായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം സർക്കാരിനെ അറിയിക്കേണ്ടതുമാണ്. ആയതിന് വീഴ്ച വരുത്തുന്ന പക്ഷം ചെലവ് നഷ്ടം ആയി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-7 എസ്.എസ്.എ. പഞ്ചായത്ത് വിഹിതം- വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല

1. എസ്.എസ്.എ.പഞ്ചായത്ത് വിഹിതം (S0048/16) എന്ന പ്രോജക്ടിനായി വികസന ഫണ്ടിൽ നിന്നും 2 ലക്ഷം രൂപയും (ട്രഷറി ബിൽ നം 01/15-16 തീയതി 15.12.15) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1 ലക്ഷം രൂപയും (ട്രഷറി ബിൽ നം 02/15-16 തീയതി 26.12.15എസ്.എസ്.എ. യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ എസ്.എസ്.എ. യിൽ നിന്നും ആയതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രം വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 300000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി-തുകയുടെ വിനിയോഗ രേഖകൾ ഇല്ല

പ്രോജക്ട് നം- എസ് ഒ 140/16

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

ഡിഡി നം-848194തുക- 70000 തീയതി-20.02.2016

തെരുവ് നായ്ക്കളുടെ വർദ്ധനവ് തടയുന്നതുമായി ബന്ധപ്പെട്ട് ഷെൽറ്റർ,കെന്നൽ എന്നിവ നിർമ്മിക്കുന്ന പദ്ധതിക്ക് 70000/- രൂപ തനത് ഫണ്ടിൽ നിന്നും ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ചതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9 സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി തുക ഡി.ഡി. ആയി നൽകുന്നു

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ ഗുണഭോക്താക്കൾക്കു സബ്സിഡി പണമായി നൽകുന്ന സംഗതികളിൽ സബ്സിഡി മാർഗരേഖയും സർക്കാർ ഉത്തരവുകളും പാലിക്കുന്നില്ല. ഗുണഭോക്താവ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ മാനദണ്ഡങ്ങളും നിബന്ധനകളും പൂർത്തിയാക്കിയാൽ പ്രത്യേകം പറയാത്ത സംഗതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിൽ തന്നെയാണ് അടയ്ക്കേണ്ടതെന്ന് 16-11-2013 ലെ ജി.ഒ.(എം.എസ്) 362/2013 /ത.സ്വ.ഭ.വ. നമ്പർ സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 2.8 ൽ പറഞ്ഞിട്ടുണ്ട്. ഇതിനു വിരുദ്ധമായി ഗുണഭോക്താക്കൾക്ക് ബാങ്ക് ഡി.ഡി. നൽകുകയാണ് ചെയ്തിട്ടുള്ളത്. ഇതൊഴിവാക്കി സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിൽ അടയ്ക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 ഡെപ്പോസിറ്റ് പ്രവൃത്തികൾ-വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കേണ്ടതാണ്

പഞ്ചായത്തിൽ 2015-16 വർഷം വിവിധ പ്രവൃത്തികൾക്കായി തുക കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | ചെലവഴിക്കാൻ ബാക്കി നിൽക്കുന്ന തുക | ബിൽ നം, തീയതി |
|---|---|---|---|---|
| 1 | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ | 900000 | 900000 | ബിൽ നം-3/15-16<br>തീയതി-22-09-2015<br>തുക-800000<br>ബിൽ നം5/15-16<br>തീയതി-22-09-2015 |

| | | | | |
|---|---|---|---|---|
| | | | | തുക-100000 |
| 2 | വിവിധ പട്ടികജാതി കോളനികളിലെ പൈപ്പ് ലൈൻ നീട്ടൽ | 200000 | 200000 | ബിൽ നം-16/15-16<br>തീയതി-21-12-2015<br>തുക-100000 |

എന്നാൽ ടി പ്രവൃത്തികൾക്ക് ഫൈനൽ ബില്ലിന്റെ പകർപ്പ് വാങ്ങി ചെലവ് തുക ബോദ്ധ്യപ്പെട്ടിട്ടുണ്ടോയെന്ന് 12-01-2017 ലെ 11-ാം നമ്പർ എൻക്വയറി മുഖേന അന്വേഷിച്ചുവെങ്കിലും അപ്രകാരം ചെലവിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടില്ല. 2013-14, 2014-15 വർഷങ്ങളിലും നിക്ഷേപ പ്രവൃത്തികൾക്ക് തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യ പത്രം, ഫൈനൽ ബില്ലിന്റെ പകർപ്പ് എന്നിവ വാങ്ങി സൂക്ഷിച്ചിട്ടില്ല. ഫൈനൽ ബില്ലിന്റെ പകർപ്പ് വാങ്ങി ചെലവിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-11 വെള്ളക്കരം അടയ്ക്കൽ

വെള്ളക്കരം അടയ്ക്കുന്നതിന് 2015-16ൽ തനത് ഫണ്ടിൽ നിന്നും 846042/-രൂപ കേരള വാട്ടർഅതോറിറ്റിക്ക് നൽകിയിട്ടുണ്ട്. നിലവിൽ 195 വാട്ടർ ടാപ്പുകൾക്കാണ് വെള്ളക്കരം നൽകി വരുന്നത്. പ്രവർത്തന ക്ഷമമായ വാട്ടർ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തുന്നില്ല. തൻമൂലം പ്രവർത്തന രഹിതമായ വാട്ടർ ടാപ്പുകൾക്കും കരം നൽകി വരുന്നുണ്ടോയെന്ന് വ്യക്തമല്ല. നിലവിൽ ഗാർഹിക കുടിവെള്ള കണക്ഷനുകൾക്ക് പ്രോജക്ടുകൾ രൂപീകരിക്കുന്നുമില്ല. അതിനാൽ വെള്ളക്കരം ഇനത്തിൽ പഞ്ചായത്തിന്റെ തനത് ഫണ്ട് നഷ്ടമാകുകയും ചെയ്യുന്നു. ടി വിഷയം പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗാർഹിക കുടിവെള്ള കണക്ഷനുകൾക്ക് പ്രോജക്ടുകൾ രൂപീകരിക്കുകയും വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തുകയും ചെയ്ത് വാട്ടർ ടാപ്പുകളുടെ ഉപയോഗം പരിമിതപ്പെടുത്തി തനത് ഫണ്ട് നഷ്ടം കുറയ്ക്കേണ്ടതാണ്.

## 3-12 അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്തത് ലേലം ചെയ്യാതെ അവശേഷിക്കുന്നു

പഞ്ചായത്ത് അനധികൃതമായി സ്ഥാപിച്ച പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ജോഷി പി ജെയിംസ്, പൊൻമേലിൽ അടിമുറിയിൽ എന്ന വ്യക്തിക്ക് അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്ത ഇനത്തിൽ 21-01-2016 ലെ 699753-ാം നമ്പർ ചെക്ക് പ്രകാരം 24000/- രൂപ നൽകുകയും ചെയ്തു. 68 ഫ്ളക്സ് ബോർഡുകളും 28 ഇരുമ്പ് ബോർഡുകളും നീക്കം ചെയ്തത് നാളിതുവരെ ലേലം ചെയ്യാതെ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് ലേലം ചെയ്ത് തനത് ഫണ്ടിൽ മുതൽ കൂട്ടാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കിണർ റീചാർജിംഗിന് തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 ൽ പ്രവൃത്തികൾ ഏറ്റെടുത്തില്ല. 2016-17 ൽ തൊഴിലുറപ്പ് പദ്ധതിക്കായുള്ള ആക്ഷൻ പ്ലാനിൽ കിണർ റീചാർജിംഗ് പ്രവൃത്തികൾ ഉൾപ്പെടുത്തിയെങ്കിലും നാളിതുവരെ ഇതിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കുകയോ പ്രവൃത്തികൾ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിണർ റീചാർജിംഗ് വളരെ ഫലപ്രദമാണ് എന്നിരിക്കെ, ഇതിനായി പര്യാപ്തമാംവണ്ണം പ്രവൃത്തികൾ തൊഴിലുറപ്പ് / കാർഷിക പദ്ധതികൾ മുഖേന ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എല്ലാ കിണറുകളിലും റീചാർജിംഗ് ഏർപ്പെടുത്തണമെന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ജലസുഭിക്ഷ സമ്പൂർണ്ണ കിണർ റീചാർജ് പദ്ധതിയുടെ മാർഗരേഖയിൽ (ജി.ഒ. (എം.എസ്) നം 161/16 തീയതി 09.11.16) സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കിണർ റീചാർജിംഗ് പ്രവൃത്തികൾ വ്യാപകമായി ഏറ്റെടുത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഇലഞ്ഞൂർ ബ്ലോക്ക് പഞ്ചായത്ത് | 100000 | S0029/16-പാലിയേറ്റീവ് കെയർ | 98531 | 1469 |
| | 58125 | S0022/16-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ | 58125 | ഇല്ല |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രോജക്ട് നം/ പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | S006/16 വാർഡുകളിൽ വൈദ്യുതി ലൈൻ നീട്ടൽ | 846561/24.12.15 | 65291 | 65291 | പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. | |
| | | 846562/24.12.15 | 119301 | 119301 | | |
| | S011/16 വിവിധ പട്ടികജാതി കോളനികളിൽ വൈദ്യുതി ലൈൻ നീട്ടൽ | 21500412/28.09.15 | 122550 | 122550 | പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. | |
| | | 21500669/26.12.15 | 46836 | 46836 | | |
| കേരള വാട്ടർ അതോറിറ്റി | S009/16 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ | 21500670/26.12.15 | 100000 | 73212 | പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. | 26788 |
| | | 21500411/28.09.15 | 800000 | 0 | ലഭ്യമല്ല | 800000 |
| | S010/16 വിവിധ പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21500410/28.09.15 | 100000 | 0 | ലഭ്യമല്ല | 100000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|

| നം. | | മുതൽ | പലിശ |
|---|---|---|---|
| ഇല്ല | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| ഇല്ല | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|
| | ഇല്ല | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 35895494.54 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30717158 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 61978 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1018000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-3 | | 61978 | ശ്രീ. തൃശ്ശി.എസ്.ബാലൻ, അസിസ്റ്റന്റ് എഞ്ചിനിയർ (30989 രൂപ)<br>ശ്രീമതി ലത എം.എസ്., അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനിയർ (30989 രൂപ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും മേൽവിലാസവും |
|---|---|---|
| 3-1 | 488000 | ശ്രീ.രാരാരാജ്.ആർ. സെക്രട്ടറി, ശ്രീമംഗലം, ഇടവ പി.ഒ., വർക്കല |
| 3-2 | 160000 | ശ്രീ. രാജൻ ബാബു.ജി, ഹെഡ് മാസ്റ്റർ, കല്ലൂരേത്ത്, പ്രമാടം, മല്ലശ്ശേരി പി.ഒ.<br>നിലവിലുള്ള ഭരണസമിതി അംഗങ്ങൾ<br>ശ്രീ. പി.എസ്.തോമസ്, പടിഞ്ഞാറേ വീട്ടിൽ, പുത്തൻപീടിക, ഓമല്ലൂർ<br>ശ്രീ. ബോസ് ചെറിയാൻ, ഇടയിൽ വീട്, ചീക്കനാൽ, ഓമല്ലൂർ<br>ശ്രീ. അഭിലാഷ്, തേക്കാട്ടിൽ, ഐമാലി, ഓമല്ലൂർ<br>ശ്രീമതി ശാരദാകുമാരി, കൈലാസമന്ദിരം, ഐമാലിൽ, ഓമല്ലൂർ<br>ശ്രീ. ഷൈനു സി.കെ, ചാത്തലമണ്ണിൽ, പള്ളം, ഓമല്ലൂർ<br>ശ്രീമതി രമാദേവി കുട്ടപ്പൻ നായർ, ഉണ്ടിയേത്ത് വീട്, പുത്തൻപീടിക, ഓമല്ലൂർ<br>ശ്രീമതി ലക്ഷ്മി മനോജ്, പത്മവിലാസം, പൈവള്ളി, ഓമല്ലൂർ<br>ശ്രീമതി ഗീതാ വിജയൻ, ഉണ്ടിൽ പുത്തൻവീട്, പൈവള്ളി, ഓമല്ലൂർ<br>ശ്രീമതി ശ്രീവിദ്യ, വിദ്യാഭവനം, വാഴമുട്ടം, ഓമല്ലൂർ<br>ശ്രീ. ബ്ലസൻ റ്റി. ഏബ്രഹാം, തണ്ടാശ്ശേരിൽ, പന്ന്യാലി, ഓമല്ലൂർ<br>ശ്രീ. സാജു കൊച്ചുതുണ്ടിൽ, കൊച്ചുതുണ്ടിൽ, പന്നയാലി, ഓമല്ലൂർ<br>ശ്രീമതി ജയശ്രീ പി.കെ., മാടപ്പള്ളിൽ, ആറ്ററികം, ഓമല്ലൂർ<br>ശ്രീ. സുജിത് കുമാർ പി.എസ്, പൂഴിയാംപറമ്പിൽ, മഞ്ഞനിക്കര, ഓമല്ലൂർ<br>ശ്രീമതി അമ്പിളി, വിളയിൽതുണ്ടിൽ, മഞ്ഞനിക്കര, ഓമല്ലൂർ |
| 3-7 | 300000 | ശ്രീ. രാജൻ ബാബു.ജി, ഹെഡ് മാസ്റ്റർ, കല്ലൂരേത്ത്, പ്രമാടം, മല്ലശ്ശേരി പി.ഒ. |
| 3-8 | 70000 | ശ്രീ.ജെ. ഹരികുമാർ, സീനിയർ വെറ്ററിനറി സർജൻ, വൈഷ്ണവം, അമ്മകണ്ടകര, അടൂർ |
| | 1018000 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. തുശ്ശി.എസ്.ബാലൻ | അസിസ്റ്റന്റ് എഞ്ചിനിയർ, എൽ.എസ്.ജി.ഡി., കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് | തുശ്ശി ഭവനം, ഇടത്തിട്ട പി.ഒ., കൊടുമൺ |
| ശ്രീമതി ലത എം.എസ്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, റാന്നി ബ്ളോക്ക് പഞ്ചായത്ത് | മാരേറ്റ് തെക്കേവീട്ടിൽ പുതുശ്ശേരി പി ഒ തിരുവല്ല. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ-പി2/622/97/ തീയതി 10-12-97 | 2 |
| 1996-97 | എൽ.എഫ്.പി.റ്റി.എ-പി2/790/2000/തീയതി 04-07-01 | 3 |
| 1997-98 | എൽ.എഫ്.പി.റ്റി.എ-പി.2/790A /2000/തീയതി06-11-01 | 5 |
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി2/607/01 തീയതി 23-03-02 | 16 |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി2/670/01 തീയതി 03.04-02 | |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി3/829/01തീയതി 10-04-02/20-09-02 | |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി3/452/04തീയതി 18-04-07/ 07-02-05 | 3 |
| 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.3/536/05 തീയതി 02-11-05 /15-02-2006 | |

| | | |
|---|---|---|
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി.3/169/08 തീയതി 28-10-08 | |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി.3/726/06 തീയതി 12-12-06 / 05-10-06 | 6 |
| 2002-03 (വരവ് ) | എൽ.എഫ്.പി.റ്റി.എ-പി3/.170/08തീയതി 28.10.08 | |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി.11/171/08തീയതി 20-01-09 | 5 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി.11/702/09 തീയതി 04-06-10 | 4 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/103/09തീയതി 04-06-10 /29-10-11 | 5 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.6/36/11തീയതി 03-11-11 / 03-08-12 | 3 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി.6/37/11തീയതി 03-11-11 / 04-08-12 | 6 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി.6/877/11തീയതി 03-10-11 / 06-08-12 | |
| 2009-10, 2010-11 | എൽ.എഫ്.പി.റ്റി.എ-പി.1/878/12തീയതി 10-12-12 | |
| 2011-12 ,2012-13 | നം.എൽ.എഫ്.പി.റ്റി.എ.പി 5/777/14തീയതി.29.11.14 | |
| 2013-14 | നം.എൽ.എഫ്.പി.റ്റി.എ.പി 5/537/2015 തീയതി.6.07.15 | |

| | | |
|---|---|---|
| 2014-15 | നം. കെ.എസ്.എ.പി.റ്റി.എ.പി-5/748/16 തീയതി 16-07-2016 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1

നം.കെ.എസ്.എ.പി.റ്റി.എ.പി.5/45./17 തീയ്യതി : 08.02.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഓമല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്,
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പത്തനംതിട്ട

No.K.S.A.PTA.P.5/45/17 Dated : 08.02.2017

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Omalloor Gramma Panchayat in Pathanamthitta District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Omalloor Gramma Panchayat for the year 2015-16 except the obeservations in my report properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta